# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *763** — **23-07-2012-ൽ മറുപടിയ്ക്ക്**

## കാൽനടയാത്രക്കാരുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ശശി :**<br>**ശ്രീ മുല്ലക്കര രത്നാകരൻ :**<br>**ശ്രീ പി. തിലോത്തമൻ :**<br>**ശ്രീ ഇ. ചന്ദ്രശേഖരൻ :** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| **(എ)** കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ വിവിധ ട്രാഫിക് അപകടങ്ങളിൽപ്പെട്ട് എത്ര കാൽനട യാത്രക്കാർ മരണമടഞ്ഞു ; എത്ര പേർക്ക് പരിക്കേറ്റു ; | **(എ)** കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ (2010-2011, 2012 ജനുവരി 1 മുതൽ ജൂൺ 30 വരെ) വിവിധ ട്രാഫിക് അപകടങ്ങളിൽപ്പെട്ട് 3272 കാൽനട യാത്രക്കാർ മരണമടഞ്ഞു. 21,665 പേർക്ക് പരിക്കേറ്റിട്ടുണ്ട്. |
| **(ബി)** കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്ക് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | **(ബി)** കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫുട്പാത്തുകളിൽ സഞ്ചാര സ്വാതന്ത്ര്യത്തിന് തടസ്സമുണ്ടാകുന്ന തര |

ത്തിലുള്ള സാധന സാമഗ്രികൾ നീക്കം ചെയ്യുന്നതിനും ഉയർത്തിയ കൈവരികൾ, ഫുട്പാത്തുകൾ തുടങ്ങിയവ സ്ഥാപിച്ചും സുരക്ഷിതമായി റോഡ് മുറിച്ചു കടക്കുന്നതിനായി പ്രധാന ജംഗ്ഷനുകളിലും, ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് മുന്നിലും സീബ്രാ ക്രോസ്സിംഗ് ലൈനുകൾ സ്ഥാപിക്കുന്നതിനും തിരക്കേറിയ സ്ഥലങ്ങളിൽ കൂടുതൽ പോലീസുദ്യോഗസ്ഥരെയും, ഹോം ഗാർഡുകളെയും നിയോഗിക്കുന്നതിനും വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിനും, തടയുന്നതിനുമായി സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്ററുകൾ എന്നിവ ഉപയോഗിക്കുന്നതിനുമായി നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജനമൈത്രീ പോലീസ് സംവിധാനത്തിലൂടെ റസിഡന്റ്സ് അസ്സോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ എന്നിവയുടെ സഹകരണത്തോടെ ട്രാഫിക് ബോധവത്ക്കരണം നടത്തുന്നുണ്ട്.

| | |
|---|---|
| **(സി)** പുതിയ സംവിധാനങ്ങൾക്കായി ഏതെല്ലാം വകുപ്പുകളുടെ സഹായം തേടിയിട്ടുണ്ട് ; ഈ സംവിധാനത്തിന്റെ പുരോഗതി വിലയിരുത്തുമോ ; | **(സി)** കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ സഹകരണത്തോടെ പോലീസ് വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ആയതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ